**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3743 26.06.2012 ൽ മറുപടിയ്ക്ക്

## മാലിന്യനീക്കം

ചോദ്യം

ഉത്തരം

**ശ്രീ.വി.ശിവൻകുട്ടി**

സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | |
|---|---|
| സംസ്ഥാനത്തെ നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, ടൗൺഷിപ്പുകൾ എന്നിവിടങ്ങളിലെ മാലിന്യ നീക്കം, മാലിന്യ സംസ്ക്കരണം എന്നിവയുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണവകുപ്പ് നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ചുമതലകളുടെ/പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഖരമാലിന്യവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ 1986-ലെ പരിസ്ഥിതി നിയമത്തിന്റെ കീഴിൽ വിജ്ഞാപനം ചെയ്ത മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡലിംഗ്) ചട്ടങ്ങൾ 2000 പ്രകാരമുള്ള ചുമതലകളാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ളത്. ആയതിൻ പ്രകാരമുള്ള ബോർഡിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br>1. മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി പ്ലാന്റുകൾ, ലാന്റ് ഫില്ലുകൾ, മറ്റു അനുബന്ധ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനു മുമ്പായും സ്ഥാപിച്ചു കഴിഞ്ഞ് ആയത് പ്രവർത്തിപ്പിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സംവിധാനത്തിന്റെ ചുമതലയുള്ള ഓപ്പറേറ്ററോ മലിനീകരണ നിയന്ത്രണ ബോർഡിൽ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും നിശ്ചിത ഫീസും സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്ലാന്റിന്റെ വിവരങ്ങളും സമർപ്പിക്കേണ്ടവ പരിശോധിച്ച് ആവശ്യമായ നിബന്ധനകളോടുകൂടി അപേക്ഷകന് ബോർഡിൽ നിന്നും അനുമതി നല്കുക.<br>2. ബോർഡ് നൽകുന്ന അനുമതിയിലെ ഖരമാലിന്യം സംസ്ക്കരിക്കുമ്പോൾ ഉണ്ടാകാവുന്ന ജല, വായു മലിനീകരണം തടയുന്നതിനാവശ്യമായ നിബന്ധനകൾ, മാലിന്യ ഘടകങ്ങളുടെ അനുവദനീയ പരിധി, |

| | |
|---|---|
| | പാലിക്കേണ്ട മറ്റു നിർദ്ദേശങ്ങൾ എന്നിവയും മോണിറ്റർ ചെയ്യുകയും നിബന്ധനകൾ പാലിക്കുന്നുവെന്ന് പരിശോധിക്കുകയും ചെയ്യുക.<br>3. മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ/ബോധവൽക്കരണ പരിപാടികൾ എന്നിവ നൽകുക.<br>4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികളുടെ അനുയോജ്യതയും പര്യാപ്തതയും പരിശോധിക്കുകയും അവയിൽ പോരായ്മ കാണുന്ന പക്ഷം വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ